

# അട്ടയും പൂമെത്തയും



## തൊടുപുഴ കെ. (ക്രുഷ്ണസ്വാമി) ശങ്കർ

ആരു കണ്ടാലും തോണ്ടിയെറിയാൻ തോന്നുന്നൊരീ
അട്ടയെ പിടിച്ചു പൂമെത്തയിൽ കിടത്തീ ഞാൻ!
ആദ്യമെൻ കരസ്പർശമേറ്റതു ചുരുണ്ടാലും
അന്ത്യത്തിൽ ചുരുൾ നീർത്തി പ്രാപിച്ചു പൂർവ്വസ്ഥിതി!

ഉറ്റുനോക്കീ ഞാനൊരു നിമിഷം അതിൻ രൂപം
ഉറക്കെ ചീറിപ്പായും തീവണ്ടിപോലെ തോന്നി
സുഗന്ധദ്രവ്യം വാരിപ്പൂശി ഞാനതിൻ മെയ്യിൽ
സുഭിക്ഷം ഭക്ഷ്യങ്ങളുമേകീ ഞാനതിനുണ്ണാൻ!

വിശ്രമിക്കട്ടെ പാവമിത്തിരിയെന്നോർത്തു ഞാൻ
വിശറിക്കാറ്റും നൽകീ മിത്രഭാവനയോടെ !
നിലത്തെങ്ങാനുമൂർന്നു വീഴാതെയിരിക്കുവാൻ
നാലുഭാഗത്തുമോരോ തലയിണയും വച്ചു!

അതികൗതുകത്താലോ, ദയാതിരേകത്താലോ,
അതിനെത്തന്നെ വീക്ഷിച്ചങ്ങനെയിരുന്നു ഞാൻ
എന്തുകൊണ്ടോ ഞാനൊരു നിമിഷം ചിന്തിച്ചുപോയ്
”എന്തൊരു ഭാഗ്യം! ഇതിനട്ടയായ് പിറന്നിട്ടും!

അത്ഭുതം തോന്നീ! എത്ര സൗഖ്യം ഞാനേകീ,പക്ഷേ
അതൊന്നും മാനിക്കാതെ ശീഘ്രമതിറങ്ങിപ്പോയ്!
’അർഹിച്ചിടാത്തോർക്കെത്ര നന്മ ചെയ്താലും, അവർ
അറിയുന്നില്ലായതിൻ മേന്മയും മാഹാത്മ്യവും!